2026
OCTOBER
05
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

## പിഎം സൂര്യ ഘർ

# ഏറ്റവും കൂടുതൽ ഉപയോക്താക്കളെ ചേർക്കുന്ന സംസ്ഥാനമെന്ന നേട്ടം സ്വന്തമാക്കി ഉത്തർപ്രദേശ്

**ന്യൂദൽഹി:** പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയ്ക്ക് കീഴിൽ ഏറ്റവും കൂടുതൽ ഉപയോക്താക്കളെ ചേർക്കുന്ന സംസ്ഥാനമെന്ന നേട്ടം സെപ്റ്റംബറിലും സ്വന്തമാക്കി ഉത്തർപ്രദേശ്. കേരളം 5ാം സ്ഥാനത്താണ്. ദക്ഷിണേന്ത്യയിൽ കേരളത്തിന് ഒന്നാംസ്ഥാനവുമുണ്ട്. കേന്ദ്ര സബ്സിഡിക്ക് പുറമേ 15,000 രൂപ മുതൽ 30,000 രൂപവരെ അധിക സബ്സിഡിയുമായാണ് ഉത്തർപ്രദേശിന്റെ മികച്ച പ്രകടനം.

സെപ്റ്റംബറിൽ ഉത്തർപ്രദേശ് പുതുതായി 74,796 പുതിയ പുരപ്പുറ സോളർ പ്ലാന്റുകൾ സ്ഥാപിച്ചെന്ന് പിഎം സൂര്യ ഘർ യോജന സംബന്ധിച്ച ഔദ്യോഗിക രേഖകൾ വ്യക്തമാക്കി. ഓഗസ്റ്റിലും ഉത്തർപ്രദേശ് തന്നെയായിരുന്നു മുന്നിൽ. 69,813 പുരപ്പുറ സോളറുകൾ സ്ഥാപിച്ച ആന്ധ്രാപ്രദേശാണ് രണ്ടാമത്. 60,907 എണ്ണവുമായി മഹാരാഷ്ട്ര മൂന്നാമതും 46,616 എണ്ണവുമായി ഗുജറാത്ത് നാലാമതുമാണ്.

അഞ്ചാംസ്ഥാനത്തുള്ള കേരളത്തിൽ സെപ്റ്റംബറിൽ പുതുതായി പുരപ്പുറ സോളർ സ്ഥാപിച്ചത് 30,315 വീടുകളിലാണ്. ദേശീയതലത്തിൽ സെപ്റ്റംബറിൽ ആകെ 4.38 ലക്ഷം പുരപ്പുറ സോളറുകൾ സ്ഥാപിച്ചു. ഇതിൽ 17 ശതമാനവും ഉത്തർപ്രദേശിലാണ്.

ദേശീയതലത്തിൽ പിഎം സൂര്യ ഘർ പദ്ധതിപ്രകാരം ആകെ 59.89 ലക്ഷം വീടുകളിലാണ് പുരപ്പുറ സോളറുള്ളത്. 17,682.51 മെഗാവാട്ടാണ് സ്ഥാപിത ഉൽപാദനശേഷി. ഉപയോക്താക്കൾക്കായി ആകെ 33,324.43 കോടി രൂപ കേന്ദ്രസർക്കാർ സബ്സിഡിയായും നൽകി. 12.26 ലക്ഷം വീടുകളിലായി 3271.72 മെഗാവാട്ട് ശേഷിയുടെ പുരപ്പുറ സോളറുകൾ സ്ഥാപിച്ച ഗുജറാത്താണ് ഏറ്റവും മുന്നിൽ. 6310.11 കോടി രൂപ സബ്സിഡിയും ഗുജറാത്തിലെ ഉപയോക്താക്കൾ ഇതിനകം നേടി.



12.78 ലക്ഷം വീടുകളിലായി 3032.08 മെഗാവാട്ടിന്റെ സ്ഥാപിതശേഷിയുമായി മഹാരാഷ്ട്രയാണ് രണ്ടാമത്. 5859.5 കോടി രൂപ മഹാരാഷ്ട്രയിലെ ഉപയോക്താക്കൾ സബ്സിഡിയായും നേടി. 8.78 ലക്ഷം വീടുകളിലായി 2920.89 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഉത്തർപ്രദേശ് മൂന്നാമതാണ്. സബ്സിഡി നേട്ടം 5722.83 കോടി രൂപ. കേരളം ദേശീയ തലത്തിൽ 4ാം സ്ഥാനത്തുണ്ട്. 3,73,372 വീടുകളിലാണ് സംസ്ഥാനത്ത് പുരപ്പുറ സോളർ ഉള്ളതെന്ന് കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ കണക്ക് പറയുന്നു. സ്ഥാപിതശേഷി 1415.59 മെഗാവാട്ട്. സബ്സിഡി നേട്ടം 2366.06 കോടി രൂപ.

കേരളത്തിന് കനത്ത വെല്ലുവിളിയാണ് ആന്ധ്രപ്രദേശ് ഉയർത്തുന്നത്. 4.32 ലക്ഷം വീടുകളിലായി 1195.69 മെഗാവാട്ടിന്റെ സ്ഥാപിതശേഷി ആന്ധ്രയിലുണ്ട്. സബ്സിഡി നേട്ടം 2254.84 കോടി രൂപ. ഓരോ മാസവും കേരളത്തേക്കാൾ കൂടുതൽ പുരപ്പുറ സോളറുകൾ സ്ഥാപിച്ച് ശേഷി ഉയർത്തുകയാണ് ആന്ധ്ര. കർണാടകയിൽ 39,754 വീടുകളിലെ പിഎം സൂര്യഘർ പ്രകാരം പുരപ്പുറ സോളർ എത്തിയിട്ടുള്ളൂ. സ്ഥാപിത ശേഷി 109.23 മെഗാവാട്ട്. നേടിയ സബ്സിഡി 183.55 കോടി രൂപ.

കേന്ദ്ര സബ്സിഡിക്ക് പുറമേ സ്വന്തം നിലയ്ക്കും സബ്സിഡി കൊടുത്ത് കൂടുതൽ ഉപയോക്താക്കളെ ചേർക്കാനുള്ള ശ്രമത്തിലാണ് തമിഴ്നാട്. പരമാവധി 22,000 രൂപ സംസ്ഥാന വിഹിതമായി ചേർത്ത് മൊത്തം സബ്സിഡി ഒരുലക്ഷം രൂപയാക്കുകയാണ് തമിഴ്നാട്ടിലെ സി.ജോസഫ് വിജയ് സർക്കാർ ചെയ്തത്. സംസ്ഥാനത്ത് ഇതിനകം പുരപ്പുറ സോളർ സ്ഥാപിച്ചത് 1.18 ലക്ഷം വീടുകളിൽ. സ്ഥാപിതശേഷി 371.91 മെഗാവാട്ടാണ്. സബ്സിഡി ലഭിച്ചത് 676.36 കോടി രൂപയും.

84,426 വീടുകളിലായി 245.08 മെഗാവാട്ടാണ് തെലങ്കാനയുടെ സ്ഥാപിതശേഷി. 419.66 കോടി രൂപ സബ്സിഡിയും നേടിയിട്ടുണ്ട്. പുരപ്പുറ സോളർ ഉപയോഗം വ്യാപകമാക്കാനായി നരേന്ദ്ര മോദി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുകയും അതിവേഗം ജനപ്രിയമായി മാറിയതുമായ പദ്ധതിയാണ് പിഎം സൂര്യഘർ.

നിലവിൽ പിഎം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന പ്രകാരം 3 വിഭാഗങ്ങളിലായാണ് ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡി ലഭിക്കുക. ഒരു കിലോവാട്ട് സോളർ സിസ്റ്റം വയ്ക്കുന്നവർക്ക് 30,000 രൂപവരെ. 2 കിലോവാട്ടിന് 60,000 രൂപവരെ. 3 കിലോവാട്ടിന് പരമാവധി 78,000 രൂപ. ഇതിനു പുറമേയാണ് തമിഴ്നാട്, ഉത്തർപ്രദേശ്, ബിഹാർ, ഡൽഹി അടക്കമുള്ള ചില സംസ്ഥാനങ്ങൾ സ്വന്തംനിലയ്ക്ക് സബ്സിഡി നൽകുന്നത്.

ഡൽഹി സർക്കാരാണ് ഏറ്റവും ആകർഷക ഓഫർ പ്രഖ്യാപിച്ചത്. പ്രതിമാസം 400 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന 2.25 ലക്ഷം കുടുംബങ്ങൾക്ക് 3 കിലോവാട്ട് വരെ ശേഷിയുള്ള സോളർ പാനൽ ഡൽഹി സർക്കാർ സൗജന്യമായി സ്ഥാപിച്ച് നൽകും.

ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലാണിത്. ഇതിനായി പ്രത്യേക പോർട്ടലും ഡൽഹി സർക്കാർ തുറന്നു.

സംസ്ഥാനത്തെ പുരപ്പുറ സോളർ സബ്സിഡി വിഹിതം പിഎം സൂര്യ ഘർ പദ്ധതിയിൽ ഇരട്ടിയാക്കിയിട്ടുമുണ്ട്. കേന്ദ്രം പരമാവധി 78,000 രൂപയാണ് നൽകുന്നത്.

# ടിവിഎസ് മോട്ടോസോൾ 6.0 ഡിസംബറിൽ ഗോവയിൽ

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനിയുടെ മുൻനിര മോട്ടോർസൈക്കിൾ ആഘോഷമായ ടിവിഎസ് മോട്ടോസോളിന്റെ ആറാമത് പതിപ്പ് ഡിസംബർ 11, 12 തീയതികളിൽ ഗോവയിൽ നടക്കും. പുതിയ വാഹനങ്ങളുടെ അവതരണം, കസ്റ്റം മോട്ടോർസൈക്കിളുകളുടെ പ്രദർശനം,വസ്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും, ഉപഭോക്താക്കൾക്കായുള്ള പരിപാടികൾ,അന്താരാഷ്ട്ര ബ്രാൻഡുകളുമായുള്ള സഹകരണം എന്നിവയ്ക്കുള്ള വേദിയായി ടിവിഎസ് മോട്ടോസോൾ ഇതിനകം മാറിയിട്ടുണ്ട്. കസ്റ്റം മോട്ടോർസൈക്കിളുകളുടെ രൂപകൽപ്പനകൾക്കും മോട്ടോസോൾ പ്രധാന വേദിയായിട്ടുണ്ട്.

മുൻ പതിപ്പുകളുടെ വിജയത്തിന്റെ തുടർച്ചയായി റൈഡർമാർ, റേസർമാർ, സൃഷ്ടിപരമായ മേഖലയിൽ പ്രവർത്തിക്കുന്നവർ, സംഗീതജ്ഞർ, മോട്ടോർസൈക്കിൾ പ്രേമികൾ തുടങ്ങിയവർ ഇത്തവണയും മോട്ടോസോളിൽ ഒത്തുചേരും. റേസിങ്, സാങ്കേതികവിദ്യ, സാഹസികത, രൂപകൽപ്പന, കസ്റ്റമൈസേഷൻ, സംഗീതം, യുവസംസ്കാരം എന്നിവയെ ഒരേ വേദിയിൽ എത്തിക്കുന്നതായിരിക്കും പരിപാടി.

മോട്ടോർസൈക്ലിങ്ങിന്റെ വിവിധ അനുഭവങ്ങൾ അവതരിപ്പിക്കുന്ന മൂന്ന് പ്രധാന വിഭാഗങ്ങളാണ് ഇത്തവണ ഒരുക്കുന്നത്. റേസിങ്, റൈഡിങ്, മോട്ടോർസ്പോർട്സ്, സാഹസിക യാത്രകൾ എന്നിവ ഉൾപ്പെടുന്ന 'എക്സ്പ്ലോർ' വിഭാഗം, അപ്പാച്ചെ ഓണേഴ്സ് ഗ്രൂപ്പ്, ടിവിഎസ് റോണിൻ കൾട്ട് റൈഡർമാർ, ക്രിയേറ്റർമാർ, മോട്ടോർസൈക്കിൾ പ്രേമികൾ എന്നിവരെ ഒരുമിപ്പിക്കുന്ന 'എൻഗേജ്' വിഭാഗം, സംഗീതം, വിനോദം, ഭക്ഷണം, ജീവിതശൈലി എന്നിവ ഉൾപ്പെടുന്ന 'സെലിബ്രേറ്റ്' വിഭാഗം എന്നിവയാണ് പ്രധാന ആകർഷണങ്ങൾ.

മോട്ടോസോൾ 6.0ൽ വിവിധ റേസിങ്, റൈഡിങ് മത്സരങ്ങളും അനുഭവങ്ങളും സംഘടിപ്പിക്കും. ജിംഖാന, ഡേർട്ട് ട്രാക്ക്, മോട്ടോക്രോസ്, സ്ലോ റേസ്, സ്റ്റണ്ട് റേസ്, എഫ്എംഎക്സ് പ്രകടനങ്ങൾ, റൈഡേഴ്സ് സ്ഫിയർ, ഡ്രിഫ്റ്റ്ആർ ചാമ്പ്യൻഷിപ്പ്, സാൻഡ് റഷ് ചലഞ്ച്, ഹിൽ ക്ലൈംബ് ചലഞ്ച് എന്നിവയ്ക്കൊപ്പം പുതിയ വാഹനങ്ങളുടെ പരീക്ഷണ റൈഡുകളും ഉണ്ടാകും.

റേസിങ്, മോട്ടോർസൈക്ലിങ് ശിൽപ്പശാലകൾ, സാങ്കേതിക ചർച്ചകൾ, സംവാദങ്ങൾ, റൈഡർ പരിശീലന ക്ലാസുകൾ, റേസിങ്ങിനായി നിർമിച്ച മോട്ടോർസൈക്കിളുകളുടെ പ്രദർശനവും അനുഭവങ്ങളും, ടിവിഎസ് റേസിങ് താരങ്ങളുമായുള്ള സംവാദങ്ങളും പരിപാടിയുടെ ഭാഗമാകും.

കസ്റ്റം മോട്ടോർസൈക്കിൾ പ്രദർശനം, ടിവിഎസ് റോണിൻ, അപ്പാച്ചെ എന്നിവയുടെ പ്രത്യേക രൂപകൽപ്പനകൾ, പുതിയ കസ്റ്റമൈസേഷൻ അവതരണങ്ങൾ, ഹെൽമെറ്റ് പെയിന്റിങ് ശിൽപ്പശാല, ഗാരേജ് അനുഭവങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

റൈഡർമാരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പരിപാടികൾ, സൃഷ്ടിപരമായ മേഖലകളിലുള്ളവരുമായുള്ള സംവാദങ്ങൾ, പോഡ്കാസ്റ്റുകൾ, പാനൽ ചർച്ചകൾ, നേട്ടം കൈവരിച്ചവരെ ആദരിക്കൽ, അപ്പാച്ചെ ഓണേഴ്സ് ഗ്രൂപ്പ്, കൾട്ട് സമൂഹം എന്നിവയുമായുള്ള വിവിധ പരിപാടികൾ, കൂട്ടായ റൈഡുകൾ എന്നിവയും നടക്കും. ഉത്തരവാദിത്തമുള്ള റൈഡിങ്ങിനെക്കുറിച്ചുള്ള ബോധവത്കരണം, പരിസ്ഥിതി സൗഹൃദമായ മേളയുടെ രൂപകൽപ്പന, സുസ്ഥിരതാ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ ബോധവത്കരണം എന്നിവയും ഇതിന്റെ ഭാഗമാകും.




# കേരളത്തിലേക്കു വിദേശനിക്ഷേപം ആകർഷിക്കൽ; അഞ്ച് ആഗോളനഗരങ്ങളിൽ കേരള ഡെസ്ക്

**തിരുവനന്തപുരം:** കേരളത്തിലേക്കു വിദേശ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി ന്യൂയോർക്ക് ഉൾപ്പടെയുള്ള ലോകത്തെ അഞ്ച് പ്രധാന ആഗോള നഗരങ്ങളിൽ പ്രത്യേക കേരള ഡെസ്ക് ആരംഭിക്കുന്നു.

വിദേശ നിക്ഷേപകർക്ക് കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ചും ബിസിനസ് സാഹചര്യങ്ങളെക്കുറിച്ചും വേഗത്തിൽ വിവരങ്ങൾ ലഭ്യമാക്കാനും തുടർനടപടികൾ എളുപ്പമാക്കാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായിട്ടാണ് പുതിയ നിക്ഷേപപ്രോജക്ട് അവതരിപ്പിച്ചിരിക്കുന്നത്. ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ തുടങ്ങിയ ആഗോളനഗരങ്ങളിലാണ് കേരള ഡെസ്ക് വരുന്നത്. ഇതുസംബന്ധിച്ചു കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിച്ച് ഉത്തരവിറക്കി. പ്രവാസിമലയാളികളെ മുഖവിലയ്ക്കെടുത്തുള്ള സംരംഭമാണ് ലക്ഷ്യം.പ്രവാസി മലയാളികളിൽ ബിസിനസുകാരുടെ നിക്ഷേപം, അവരുമായി ബന്ധപ്പെട്ട ആഗോളതലത്തിലുള്ള ബിസിനസ് ഗ്രൂപ്പുകളുടെ പിന്തുണ എന്നിവയും ലക്ഷ്യം വയ്ക്കുന്നു. ഓരോ നഗരത്തിലും പ്രവാസിമലയാളികളുടെ അസോസിയേഷനുകളുമായി, കേരള സംസ്കാരമുള്ള ബിസിനസ് വ്യക്തികളുമായി, വിപണി ആഗ്രഹിക്കുന്ന നിക്ഷേപകരുമായി ശക്തമായ ബന്ധങ്ങൾ ഉണ്ടാക്കുകയും നിലനിർത്തുകയും കേരള ഡെസ്ക്കുവഴിയാണ്. ആഗോള നിക്ഷേപകരുമായി നേരിട്ട് സംവദിക്കാനുമുള്ള വിപുലമായ പദ്ധതികളുമായി കേരള ഡെസ്ക് മുന്നോട്ടു പോകും. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ), മെഡിക്കൽ ടെക്നോളജി, ഹെൽത്ത് കെയർ, ടൂറിസം തുടങ്ങിയ മുൻഗണനാ മേഖലകളിലേക്ക് വിദേശനിക്ഷേപം കൊണ്ടുവരികയാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. കേരളം അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് ഒരുപാട് സാധ്യതയുള്ള ഇടമാണ്. തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, തുറമുഖാധിഷ്ഠിത വികസനം എന്നീ മേഖലകൾ പ്രധാനമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




വിശ്വ ഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരം കമ്മിറ്റി പനമ്പിള്ളി നഗറിൽ നാല് നിലകളിലായി പുനർനിർമ്മിച്ച കാര്യാലയം 'അശോക് സിംഗാൾജി ജന്മശതാബ്ദി സ്മാരക കുടുംബ പ്രബോധന കേന്ദ്രം" വിശ്വ ഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി വി. കോടേശ്വർ റാവു ഉദ്ഘാടനം ചെയ്യുന്നു. വി.ആർ.രാജശേഖരൻ, ഡോ. കെ.എസ്.രാധാകൃഷ്ണൻ, ഡോ. പത്മ കുമാർ, സ്വാമി അനഘാമൃതാനന്ദ പുരി, സ്വാമി ശാരദാനന്ദ സരസ്വതി, കെ.സി.നരേന്ദ്രൻ, കെ.കെ. പത്മനാഭപിള്ള, അഡ്വ. പി. വിജയകുമാർ,അഡ്വ.അനിൽ വിളയിൽ, വി.ശ്രീകുമാർ, അഡ്വ.എസ്.പ്രശാന്ത്, പ്രസന്ന ബാഹുലേയൻ എന്നിവർ സമീപം.

# വിശ്വ ഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരം കാര്യാലയം അശോക് സിംഗാൾ ജന്മശതാബ്ദി സ്മാരക കുടുംബ പ്രബോധന കേന്ദ്രം' ഉദ്ഘാടനം ചെയ്തു

**കൊച്ചി**: വിശ്വ ഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരം കമ്മിറ്റി പനമ്പിള്ളി നഗറിൽ നാല് നിലകളിലായി പുനർനിർമ്മിച്ച കാര്യാലയം അശോക് സിംഗാൾജി ജന്മശതാബ്ദി സ്മാരക കുടുംബ പ്രബോധന കേന്ദ്രം' വിശ്വ ഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി വി. കോടേശ്വർ റാവു ഉദ്ഘാടനം ചെയ്തു. ഋഷിതുല്യ ജീവിതം നയിച്ച അശോക് സിംഗാൾ വിഭാവനം ചെയ്ത് നടപ്പാക്കിയ ഏകാത്മതാ രഥയാത്ര, സാംസ്കാരിക സംരക്ഷണ പദ്ധതികൾ, സന്യാസിവര്യന്മാരെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ, രാമജന്മഭൂമി പ്രക്ഷോഭം തുടങ്ങി ചരിത്രപരമായ മുന്നേറ്റങ്ങളാണ് ഇന്ന് ഭാരതത്തെ സ്വഭിമാന രാഷ്ട്രമാക്കിതീർത്തതെന്ന് കോടേശ്വർ റാവു അനുസ്മരിച്ചു.

അശോക് സിംഗാളിന്റെ സ്മരണാർത്ഥം ഒരു വർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആഘോഷ പരിപാടികൾക്കും തുടക്കമായി. വിശ്വഹിന്ദു പരിഷത്തിന്റെ ഷഷ്ടിപൂർത്തി ആഘോഷങ്ങളുടെയും ആർ.എസ്.എസ്. സംഘ ശതാബ്ദി വർഷത്തിന്റെയും സമാപന ഘട്ടത്തോട് അനുബന്ധിച്ചാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. അശോക് സിംഗാൾ ജിയുടെ ഓർമ്മയ്ക്കായി കേരളത്തിലെ എല്ലാ ഗ്രാമാന്തരങ്ങളിലും ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ സേവന പരിപാടികൾ, കൗശൽ വികാസ് കേന്ദ്രങ്ങൾ (നൈപുണ്യ വികസന കേന്ദ്രങ്ങൾ), സേവന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാൻ സംഘടന തീരുമാനിച്ചിട്ടുണ്ടെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ പറഞ്ഞു.

ചിന്മയാ വിശ്വവിദ്യാപീഠം സ്വാമി ശാരദാനന്ദ സരസ്വതി, അമൃതാനന്ദമയി മഠം സ്വാമി അനഘാമൃതാനന്ദ പുരി എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.

ചടങ്ങിൽ വി.എച്ച്.പി.സംസ്ഥാന പ്രസിഡന്റ് കെ.സി. നരേന്ദ്രൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി.ആർ. രാജശേഖരൻ, സംസ്ഥാന ഉപാധ്യക്ഷ പ്രസന്ന ബാഹുലേയൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, ഡോ. പത്മ കുമാർ, അഡ്വ. പി. വിജയകുമാർ, കെ.കെ. പത്മനാഭപിള്ള, വി.ശ്രീകുമാർ, ജില്ലാ പ്രസിഡന്റ് അഡ്വ. എസ്. പ്രശാന്ത്, ജില്ലാ സെക്രട്ടറി ആർ.വി.പ്രേം എന്നിവർ പ്രസംഗിച്ചു.

# അമൃത ആശുപത്രിയിൽ അമൃത വയോജന മിത്ര സംഗമം 2026 ശ്രദ്ധേയമായി

**കൊച്ചി:** അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ചും ഡിമെൻഷ്യ അവബോധ മാസാചരണത്തിന്റെ ഭാഗമായും മുതിർന്നവരെ ആദരിക്കുന്നതിനായി കൊച്ചി അമൃത ആശുപത്രിയിൽ 'അമൃത വയോജന മിത്ര സംഗമം 2026' സംഘടിപ്പിച്ചു. അമൃത ആശുപത്രിയിലെ ജെറിയാട്രിക്സ്, പാലിയേറ്റീവ് മെഡിസിൻ, ഹോം കെയർ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി നടന്നത്.

അമൃത ആശുപത്രി അഡ്മിനിസ്ട്രേറ്ററും ജനറൽ മാനേജരുമായ ഡോ. രഹ്ന ഭദ്രദീപം കൊളുത്തി സംഗമം ഉത്ഘാടനം ചെയ്തു. ജെറിയാട്രിക്സ് & ഹോം കെയർ വിഭാഗം മേധാവി ഡോ. പ്രിയ വിജയകുമാർ സ്വാഗതം ആശംസിച്ചു. വയോജനങ്ങൾക്ക് ആവശ്യമായ വിവിധ വിഷയങ്ങളെ കുറിച്ച് ഡോ. പദ്മശ്രീ, ഡോ. ദിവ്യമോൾ.കെ.ശശിധരൻ, ഡോ. രാജശ്രീ, ഡോ. സുബിൻ അഹമ്മദ് തുടങ്ങിയവർ ബോധവൽക്കരണ ക്ലാസുകൾ നടത്തി. നൂറോളം പേർ സംഗമത്തിന്റെ ഭാഗമായി.

മുതിർന്നവരുടെ ആരോഗ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പരിശോധനകളും സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നു. മുതിർന്നവർക്കായുള്ള തൈറോയിഡ്, ദന്ത പരിശോധന, കാഴ്ച പരിശോധന, ശാരീരിക ദൗർബല്യ പരിശോധന, വീഴ്ചയ്ക്കുള്ള സാധ്യതാ പരിശോധന എന്നിവ സൗജന്യമായി നടത്തി.

കൂടാതെ ആരോഗ്യകരമായ വാർധക്യം, ഡിമെൻഷ്യ തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ബോധവത്കരണ സെഷനുകളും നടന്നു.

മുതിർന്നവർക്കും അവരെ പരിചരിക്കുന്നവർക്കും ഒരുമിച്ച് പങ്കെടുക്കാവുന്ന വിവിധ സംവേദനാത്മക പരിപാടികളും വിനോദ പരിപാടികളും സംഗമത്തിന് മാറ്റുകൂട്ടി.

മുതിർന്നവരുടെ ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും അവരുടെ ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കുന്നതിനും ഒപ്പം, മുതിർന്നവരെ പരിചരിക്കുന്നവരുടെ നിസ്വാർത്ഥ സേവനങ്ങളെ അംഗീകരിക്കാനും ആദരിക്കാനും ഈ സംഗമം വേദിയായി.




# കേരള വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ടീം പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ഒക്ടോബർ 5 മുതൽ 8 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന എൻവെസ്റ്റ്നെറ്റ് സെനിത് ട്രോഫി ഓൾ ഇന്ത്യ ഇൻവിറ്റേഷണൽ വിമൻസ് ബ്ലൈൻഡ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് 2026'ൽ പങ്കെടുക്കുന്ന കേരള വനിതാ ബ്ലൈൻഡ് ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു.

ദേശീയതല മത്സരങ്ങൾക്കായി ടീമിനെ സജ്ജമാക്കുന്നതിന്റെ ഭാഗമായി വിപുലമായ പരിശീലന ക്യാമ്പുകളും സന്നാഹ മത്സരങ്ങളുമാണ് അസോസിയേഷൻ സംഘടിപ്പിച്ചത്.

തീർത്ഥ ഉണ്ണികൃഷ്ണൻ (ക്യാപ്റ്റൻ), അദ്വൈത സന്തോഷ് (വൈസ് ക്യാപ്റ്റൻ) എന്നിവർ ഉൾപ്പെടെ 17 അംഗ യുവനിരയാണ് ടീമിൽ ഇടംനേടിയിരിക്കുന്നത്.അഭിനയ, പ്രവീണ കെ.എസ്., അനഘ രാജീവൻ, അസ്ന എ., ഭദ്ര വി.എസ്., ജോൽസ്ന, ദേവനന്ദ പി. ആർ., അക്ഷയ മനോജ്, അതിര ജെ., അഭിരാമി എം.ആർ., ആര്യ പ്രകാശ്, ബിബിധ ബാബു എന്നിവരാണ് ടീമിലെ മറ്റ് അംഗങ്ങൾ.ടീമിന്റെ മുഖ്യ പരിശീലകയായി ഫുല സരനെയും (ഒഡീഷ) ടീം മാനേജരായി ബെറ്റി സണ്ണിയെയും തെരഞ്ഞെടുത്തു.

കേരളത്തിന് പുറമെ ഗുജറാത്ത്, ഹരിയാന, മഹാരാഷ്ട്ര, തെലങ്കാന, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ആറ് മുൻനിര വനിതാ ടീമുകളാണ് ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കുന്നത്.

ഒക്ടോബർ 5ന് രാവിലെ 11:30ന് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ സാമൂഹ്യനീതി, ഫിഷറീസ് വകുപ്പ് മന്ത്രി. വി. ഇ. അബ്ദുൾ ഗഫൂർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. തുടർന്ന് ഒക്ടോബർ 8ന് വൈകുന്നേരം 4:00 മണിക്ക് നടക്കുന്ന സമാപന ചടങ്ങിലും സമ്മാനദാന ചടങ്ങിലും ആരോഗ്യം, ദേവസ്വം വകുപ്പ് മന്ത്രി . കെ. മുരളീധരൻ മുഖ്യാതിഥിയായി പങ്കെടുക്കും.

2012ൽ സ്ഥാപിതമായ ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരള , കേരളത്തിൽ ബ്ലൈൻഡ് ക്രിക്കറ്റിന്റെ വളർച്ചയ്ക്കും ഉന്നതിക്കുമായി പ്രവർത്തിക്കുന്ന മുഖ്യ സംഘടനയാണ്.





# വേമ്പനാട് കായലിൽ കറുത്ത കക്കയ്ക്ക് പുതുജീവൻ സിഎംഎഫ്ആർഐ പുനരുജ്ജീവന പദ്ധതി വിജയം

**കൊച്ചി:** ലഭ്യത കുറഞ്ഞുവരുന്ന വേമ്പനാട് കായലിലെ കറുത്ത കക്ക സമ്പത്തിന് പുത്തനുണർവേകി സിഎംഎഫ്ആർഐ പദ്ധതി. കക്കയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഒരു വർഷം മുമ്പ് വിത്തുനിക്ഷേപം നടത്തിയതിൽ എട്ട് മടങ്ങോളം ഉൽപാദനം.

കറുത്ത കക്കയുടെ ശോഷണം തടയുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ വടക്കുംകരയിൽ സിഎംഎഫ്ആർഐ ഒരു ഹെക്ടർ വിസ്തൃതിയിൽ അഞ്ച് ടൺ കക്ക വിത്ത് നിക്ഷേപിച്ചിരുന്നു. ഒരു വർഷത്തിന് ശേഷം നടന്ന ഇതിന്റെ വിളവെടുപ്പിലാണ് മികചച്ച വളർച്ചാനിരക്കോടെയുള്ള ഉൽപാദനം ലഭിച്ചത്.

വിവിധ ഘട്ടങ്ങളിലായി നടക്കുന്ന വിളവെടുപ്പ് പൂർത്തിയാകുമ്പോൾ, ഇവിടെ വിതച്ച അഞ്ച് ടൺ വിത്തിൽ നിന്ന് ഏകദേശം 40 ടണ്ണോളം കക്ക വിളവെടുക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ. ഇന്ത്യയിൽ കറുത്ത കക്കയുടെ 80 ശതമാനവും വേമ്പനാട്ടു കായലിലാണ്.

മേഖലയിലെ ആറായിരത്തിലധികം കുടുംബങ്ങളുടെ നേരിട്ടുള്ള ഉപജീവനമാർഗ്ഗവും അതിലെറെ ആളുകൾ പരോക്ഷമായും ആശ്രയിക്കുന്ന കായൽ സമ്പത്താണിത്.

എന്നാൽ , കായലിലെ ഇവയുടെ ലഭ്യതയിൽ സമീപകാലത്തായി വൻ ഇടിവാണ് രേഖപ്പെടുത്തിയത്. സിഎംഎഫ്ആർഐയുടെ കണക്കനുസരിച്ച് 2006ൽ 75,592 ടണ്ണായിരുന്ന കറുത്ത കക്ക ഉൽപ്പാദനം 2024 ആയപ്പോഴേക്കും 45,601 ടണ്ണായി കുറഞ്ഞു. ഏകദേശം 40 ശതമാനത്തിന്റെ കുറവാണ് കക്ക ലഭ്യതയിൽ ഉണ്ടായത്.

ഈ സാഹചര്യത്തിലാണ് സിഎംഎഫ്ആർഐ കക്ക പുനരുജ്ജീവന പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാറിന്റെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിൽ ഉൾപ്പെടുത്തി 100 ശതമാനം സബ്സിഡിയോടെ തൈക്കാട്ടുശ്ശേരി കറുത്ത കക്ക സഹകരണ സംഘത്തിന്റെ സഹകരണത്തോടെയാണ് സിഎംഎഫ്ആർഐ പദ്ധതി നടപ്പിലാക്കിയത്. കക്ക തീരെയില്ലാതിരുന്ന മേഖല ശാസ്ത്രീയമായി കണ്ടെത്തിയാണ് അഞ്ച് ടൺ വിത്ത് വിതച്ചത്. 80 മുതൽ 90 ശതമാനം വരെ അതിജീവന നിരക്ക് രേഖപ്പെടുത്തിയ കക്കകൾക്ക് മികച്ച വളർച്ചയും ലഭിച്ചു.

വിളവെടുപ്പ് മേള സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രീൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു. ശാസ്ത്രീയമായ ഇത്തരത്തിലുള്ള ഇടപെടലുകൾ കക്ക സമ്പത്തിന്റെ പുനരുജ്ജീവനത്തിനും മത്സ്യത്തൊഴിലാളികളുടെ സ്ഥിരമായ ഉപജീവനത്തിനും വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. കൃത്യമായ സാമ്പിളിംഗ് രീതികളും അനുയോജ്യമായ വിത്തുസാന്ദ്രതയും ഉറപ്പാക്കിയാണ് പദ്ധതി വിജയിപ്പിച്ചതെന്ന് പദ്ധതി കോഓർഡിനേറ്ററും സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റുമായ ഡോ ആർ വിദ്യ പറഞ്ഞു.

# എടവണ്ണ ഗ്രാമപഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചു

**മലപ്പുറം:** ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി ഓഫ് തേർഡ് ഏജിന്റെ (എംജിയു3എ) നേതൃത്വത്തിൽ മാസങ്ങളായി നടത്തി വരുന്ന വയോജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്രഖ്യാപനം. ചെമ്പക്കുത്ത് ടി.പി. റോയൽ പ്ലാസ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീർ ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജബ്ബാർ ഹാജി അധ്യക്ഷത വഹിച്ചു. എംജിയു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസാണ് പ്രഖ്യാപനം നടത്തിയത്.

വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി എടവണ്ണ ഗ്രാമപഞ്ചായത്തിലെ 24 വാർഡുകളിലായി 48 എംജിയു3എ യൂണിറ്റുകൾ രൂപീകരിക്കുകയും, ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ അംഗങ്ങൾക്കായി പ്രത്യേക ശിൽപശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. മെമ്മറി വ്യായാമങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയിലൂടെ അംഗങ്ങളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്താൻ നിരന്തരമായ ഇടപെടലുകൾ നടത്തി. യൂണിറ്റുകൾ മാസത്തിൽ രണ്ട് തവണ യോഗം ചേരുന്നുണ്ട്. നൈസ!ർഗികമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദികൾ ഒരുക്കുകയും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന അംഗങ്ങളെ പ്രത്യേകം അനുമോദിക്കുകയും ചെയ്തുവരുന്നു. എംജിയു3എ അംഗം വിജയലക്ഷ്മിയുടെ കവിതാസമാഹാരം പരിപാടിയിൽ വെച്ച് പ്രകാശനം ചെയ്തു.

സമൂഹത്തിൽ വയോജനങ്ങളുടെ ക്രിയാത്മക ഇടപെടൽ ഉറപ്പാക്കുന്നതിനായി അഗോള തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് 'യൂണിവേഴ്സിറ്റി ഓഫ് ദ തേർഡ് ഏജ്' (യു3എ). ഇന്ത്യയിൽ ആദ്യമായി ഈ പരിപാടി നടപ്പാക്കിയത് മഹാത്മാഗാന്ധി സർവകലാശാലയാണ്.

സർവകലാശാല വികസിപ്പിച്ച 'തീംസെന്റേർഡ് ഇന്ററാക്ഷൻ' എന്ന വികസന മനഃശാസ്ത്ര സമീപനത്തെ അടിസ്ഥാനമാക്കിയാണ് എംജിയു3എയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം അവരുടെ അനുഭവസമ്പത്തും കഴിവുകളും സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ആയിഷ, എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനീറ സമദ്, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# വിവേകാനന്ദ നഗറിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം

**കൊച്ചി:** ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് വിവേകാനന്ദ നഗർ റസിഡന്റ്സ് അസോസിയേഷന്റെ(വിഎൻആർഎ) നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൊച്ചിൻ കോർപ്പറേഷൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

അസോസിയേഷൻ ഫ്ലാഗ്പോസ്റ്റിന് സമീപം നടന്ന ചടങ്ങിൽ കൊച്ചിൻ കോർപ്പറേഷൻ ആരോഗ്യ വകുപ്പ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സീനാ ഗോകുലൻ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേഷൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ശുചീകരണ തൊഴിലാളികൾ, വിഎൻആർഎ ഭാരവാഹികൾ, അസോസിയേഷൻ അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഗാന്ധിജിയുടെ ശുചിത്വ സന്ദേശം പ്രവർത്തിയിലൂടെ ഉയർത്തിപ്പിടിക്കുന്നതിനും പ്രദേശവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുമാണ് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. പ്രദേശത്തിന്റെ ശുചിത്വവും സാമൂഹിക ക്ഷേമവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിൽ കൂട്ടായ പങ്കാളിത്തം തുടരുമെന്നും അസോസിയേഷൻ അറിയിച്ചു.



## ഗാന്ധിജയന്തി ശുചീകരണ യജ്ഞം സംഘടിപ്പിച്ചു

**കൊച്ചി:** ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിലുള്ള ചാവറ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ ശുചീകരണ പ്രവർത്തനം നടത്തി.

ഗാന്ധിജയന്തിദിനത്തോടനുബന്ധിച്ച് ശുചിത്വത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ച് ചാവറ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചിയുടെ നേതൃത്വത്തിൽ എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പരിസരത്ത് ശുചീകരണ പ്രവർത്തനം സംഘടിപ്പിച്ചു.'ശുചിത്വം നമ്മുടെ ഉത്തരവാദിത്വം' എന്ന സന്ദേശവുമായി വിദ്യാർത്ഥികളും അധ്യാപകരും കെ.എസ്.ആർ.ടി.സി. ജീവനക്കാരും ഉൾപ്പെടെയുള്ളവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ബസ് സ്റ്റാൻഡ് പരിസരത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും പൊതുസ്ഥലങ്ങളിൽ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. യുവതലമുറയിൽ സാമൂഹിക പ്രതിബദ്ധതയും പരിസ്ഥിതി ബോധവും വളർത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാണെന്ന് ചാവറ കൾചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. ഉത്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. ശുചിത്വം നമ്മുടെ ഉത്തരവാദിത്വം ഒരുമിച്ചു ഒരു ശുചിത്വ കേരളം' എന്ന ആശയവുമായി സംഘടിപ്പിച്ച പരിപാടി പൊതുജന പങ്കാളിത്തത്തോടെയും വിദ്യാർത്ഥികളുടെ സജീവ ഇടപെടലോടെയും ശ്രദ്ധേയമായി. കെ.എസ്.ആർ.ടി.സി, എറണാകുളം എ.ടി ഓ. ശ്രീ അജിത് എ, ഹരിത കേരള മിഷൻ നഗര സഭ കോർഡിനേറ്റർ നിസനിഷാദ്, ചാവറ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ഹരികൃഷ്ണൻ, ആന്റെണി ജോസഫ്, സൂപ്രണ്ട് ഷീബാ റാണി, അനൂബ്,ഹോട്ടൽ മാനേജ്മെന്റ് വിഭാഗം മേധാവി ജെയ്മോൾ മേരി ടോം,ഏവിയേഷൻ വിഭാഗം മേധാവി ടിയ തോമസ് എന്നിവർ നേതൃത്വം നൽകി.

## ഗാന്ധിജയന്തി ആചരിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിൽ ഗാന്ധിജയന്തി ആചരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ചേർന്ന യോഗത്തിൽ വൈസ് ചാൻസലറുടെ ചുമതലയുള്ള മുതിർന്ന പ്രൊഫസറായ ഡോ. കീർത്തി ടി. ആർ., സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ചാമക്കാല, ഡോ. ആതിരാ പ്രകാശ്, പ്രൊഫ. (ഡോ.) റോബിനറ്റ് ജേക്കബ്, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, പരീക്ഷാ കൺട്രോളറുടെ ചുമതലയുള്ള പ്രൊഫസർ (ഡോ.) സജ്ന ജലീൽ, കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഹരിലക്ഷ്മീന്ദ്രകുമാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സർവകലാശാലാ ജീവനക്കാർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സമുദ്ര രുചികളുമായി ലുലു ഹൈപ്പർമാർക്കറ്റിൽ സീഫുഡ് ഫെസ്റ്റ് തുടങ്ങി; കടൽ വിഭവങ്ങൾ ആവോളം ആസ്വദിക്കാം

**കൊച്ചി:** സമുദ്രവിഭവങ്ങൾ ആസ്വദിക്കാൻ പുത്തൻ രുചിക്കൂട്ടുകളുമായി ലുലു ഹൈപ്പർമാർക്കറ്റിൽ സീഫുഡ് ഫെസ്റ്റ് ആരംഭിച്ചു. കേരളത്തിന്റെ തനത് കടൽ രുചികൾക്കൊപ്പം ആഗോള സീഫുഡ് വിഭവങ്ങളും കോർത്തിണക്കിയാണ് മേള സജ്ജീകരിച്ചിരിക്കുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് ജോയിന്റ് ഡയറക്ടർ വിജിരാജ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. സീഫുഡ് ഫെസ്റ്റിനോട് അനുബന്ധിച്ച് തയ്യാറാക്കിയ വിവിധയിനം കടൽ മത്സ്യങ്ങൾ അടങ്ങിയ കൗണ്ടർ സന്ദർശിച്ച വിജിരാജ് ഷെഫ് മീശക്കാരൻ ദിലീപേട്ടൻ തയ്യാറാക്കിയ ലൈവ് പാചകത്തിൽ നിന്നും വിഭവങ്ങൾ രുചിച്ചു.

കേരളത്തിലെ ആഴക്കടലിലെ നൂറിൽപരം മത്സ്യങ്ങളും ഈ മത്സ്യങ്ങൾക്കൊണ്ടുണ്ടാക്കുന്ന തനത് തീരദേശ വിഭവങ്ങളും മേളയിൽ ആസ്വദിക്കാം. വിദഗ്ധരായ ഷെഫുകൾ തയ്യാറാക്കുന്ന പരമ്പരാഗത കടൽ രുചികൾക്കൊപ്പം ലോകോത്തര സീഫുഡ് വിഭവങ്ങൾ ആസ്വദിക്കാനുള്ള അവസരമാണ് മേളയിലൂടെ ലുലു ഒരുക്കുന്നത്. ഒക്ടോബർ 11 വരെയാണ് സീഫുഡ് ഫെസ്റ്റ് നടക്കുക. ചടങ്ങിൽ ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ, ബയ്യിങ്ങ് മാനേജർ സന്തോഷ് കൊട്ടാരത്ത്, ഫ്രഷ് ഫുഡ് മാനേജർ ഷബീഷ് തുടങ്ങിയവർ പങ്കെടുത്തു.



# പതിനെട്ടാമത് ഫെഡറൽ ബാങ്ക് കെ പി ഹോർമിസ് അനുസ്മരണ പ്രഭാഷണം നിർവഹിച്ച് വി ഡി സതീശൻ

**കൊച്ചി:** പതിനെട്ടാമത് കെ പി ഹോർമിസ് അനുസ്മരണ പ്രഭാഷണം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. പുതിയ വികസന കാഴ്ചപ്പാടിന്റെ ഭാഗമായി 'ഫെസ്റ്റിവൽ കേരള' സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ആദ്യഘട്ടത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും തുടർന്ന് ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിലും ഫെസ്റ്റിവൽ കേരള സംഘടിപ്പിക്കുമെന്നും കേരളത്തിന്റെ പൈതൃകം, കല, സംസ്കാരം, പാരമ്പര്യം എന്നിവ അവതരിപ്പിക്കുന്നതിനൊപ്പം സംരംഭകരെയും നിക്ഷേപ അവസരങ്ങളെയും ഇതിന്റെ ഭാഗമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഫെസ്റ്റിവൽ കേരളയിലൂടെ നമ്മുടെ പൈതൃകവും കലയും സംസ്കാരവും അവതരിപ്പിക്കുന്നതിനൊപ്പം സംരംഭകരെയും ഉൾപ്പെടുത്തും. കേരളത്തെ ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ അവതരിപ്പിക്കുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേവലം സാംസ്കാരിക പ്രദർശനമായി ഒതുങ്ങാതെ നിക്ഷേപ പ്രോത്സാഹനം, ടൂറിസം, സംരംഭകത്വം, കേരളത്തിന്റെ പ്രതിഭാസമ്പത്ത് എന്നിവ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന വേദിയായി ഫെസ്റ്റിവൽ കേരളയെ മാറ്റുകയാണ് ലക്ഷ്യം.

ആധുനിക കാലത്തിനനുസരിച്ച് അടിസ്ഥാനമേഖലയിലുൾപ്പെടെ സംസ്ഥാനത്തിന്റെ സമഗ്രമായ മാറ്റമാണ് റീഇമാജിനിങ് കേരളത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, കായികം, പൊതുജനക്ഷേമം, വയോജനക്ഷേമം, സ്ത്രീ സുരക്ഷാ എന്നീ മേഖലയിൽ കാലോചിതമായ മാറ്റമുണ്ടാകണം. പാശ്ചാത്യ രാജ്യങ്ങളോട് കിടപിടിക്കുന്ന അടിസ്ഥാന, സാമൂഹിക സൗകര്യങ്ങൾ സംസ്ഥാനത്തുണ്ട്. ഇവ കാര്യക്ഷമമായി വിനിയോഗിക്കണം. ഭൗമശാസ്ത്രപരവും ജനസംഖ്യാപരവുമായ വെല്ലുവിളികളെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുള്ള അവസരങ്ങളായി മാറ്റണം. യുവാക്കൾക്ക് കൂടുതൽ അവസരം നൽകുകയും വയോജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാരിനുള്ളത്. പരമ്പരാഗതമായി സംസ്ഥാനം നേടിയ വികസനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ, സമസ്ത മേഖലയെയും പുനർ നിർവചിക്കാൻ പര്യാപ്തമായ വികസനത്തിന്റെ കേരളം മാതൃക സൃഷ്ടിച്ചെടുക്കണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ ബാങ്കിങ് മേഖലയിൽ നിസ്തുല സംഭാവനകൾ നൽകുന്ന ഫെഡറൽ ബാങ്കിന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ച അദ്ദേഹം, സർക്കാരിന്റെ വികസനകാര്യങ്ങളിലുള്ള പങ്കാളിത്തവും ആവശ്യപ്പെട്ടു.

ഫെഡറൽ ബാങ്ക് ചെയർമാൻ ഏലിയാസ് ജോർജ് ചടങ്ങിന് സ്വാഗതവും ബാങ്കിന്റെ എംഡിയും സിഇഒയുമായ കെ വി എസ് മണിയൻ നന്ദിയും പറഞ്ഞു. ബിസിനസ് രംഗത്തെ പ്രമുഖർ, വിവിധ ബിസിനസ് സ്കൂളുകളിലെ വിദ്യാർഥികൾ, ബാങ്കിന്റെ ഡയറക്ടർമാർ, സീനിയർ എക്സിക്യൂട്ടീവുകൾ, ഉദ്യോഗസ്ഥർ, തുടങ്ങി ആയിരത്തിയഞ്ഞൂറിലധികം പേർ പങ്കെടുത്തു. സോഷ്യൽ മീഡിയ മോണിറ്ററിങ് ടൂൾ ആയ ഫെഡ് ഹൈവ് ഉൾപ്പെടെ ബാങ്കിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും നൂതനാശയങ്ങളും പ്രദർശിപ്പിക്കുന്ന ഡിജിറ്റൽ എക്സിബിഷനും ബാങ്ക് ഒരുക്കിയിരുന്നു.

ബാങ്കിന്റെ സ്ഥാപകനായ കെ പി ഹോർമിസിന്റെ സ്മരണാർഥം ഫെഡറൽ ബാങ്ക് ഹോർമിസ് മെമോറിയൽ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയാണ് കെ പി ഹോർമിസ് അനുസ്മരണ പ്രഭാഷണം. ബാങ്കിംഗ്, ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ഭരണം തുടങ്ങിയ മേഖലകളിലെ പ്രമുഖ വ്യക്തികളാണ് സാധാരണയായി മുഖ്യപ്രഭാഷണം നടത്താറുള്ളത്. കേന്ദ്രമന്ത്രിയായിരുന്ന പി ചിദംബരമാണ് 1996 ൽ പ്രഭാഷണപരമ്പരയ്ക്കു തുടക്കമിട്ടത്. അരുൺ ജെയ്റ്റ്ലി, അരുൺ ഷൂരി, റിസർവ് ബാങ്ക് ഗവർണർമാരായിരുന്ന എസ് വെങ്കിട്ടരാമൻ, രഘുറാം രാജൻ, ശക്തികാന്തദാസ് തുടങ്ങിയവർ കൂടാതെ ശശി തരൂർ, ഐ എസ് ആർ ഒ ചെയർമാൻ ആയിരുന്ന ഡോ. ജി മാധവൻ നായർ, ഇൻഫോസിസ് ചെയർമാൻ ആയിരുന്ന എൻ ആർ നാരായണമൂർത്തി തുടങ്ങി അനേകം വിദഗ്ദ്ധർ വിവിധവിഷയങ്ങളിൽ പ്രഭാഷണം നടത്തിയിട്ടുണ്ട്.

# കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ പുതിയ എം.ഡി & സി.ഇ.ഒ ആയി അനൂപ് കുമാർ സാഹയെ നിയമിക്കുന്നതിന് ആർ.ബി.ഐ അനുമതി

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ പുതിയ മാനേജിങ് ഡയറക്ടറായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും (എം.ഡി & സി.ഇ.ഒ) അനൂപ് കുമാർ സാഹയെ നിയമിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർ.ബി.ഐ) അനുമതി ലഭിച്ചു. 2027 ജനുവരി 1 മുതൽ മൂന്ന് വർഷത്തേക്കാണ് ഈ നിയമനം. ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടർമാർ ഈ നിയമനം ഔദ്യോഗികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും ഇതിനായി ഓഹരി ഉടമകളുടെ അനുമതി തേടുകയും ചെയ്യും. നിലവിൽ കോടക് മഹീന്ദ്ര ബാങ്കിന്റെ മുഴുവൻ സമയ ഡയറക്ടറായ അനൂപ് കുമാർ സാഹ, റീട്ടെയിൽ ബാങ്കിംഗ്, ഡാറ്റ അനലിറ്റിക്സ്, മാർക്കറ്റിംഗ് എന്നീ വിഭാഗങ്ങളുടെ ചുമതലയാണ് നിർവഹിക്കുന്നത്.

ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് മേഖലകളിൽ 32 വർഷത്തെ പ്രവൃത്തിപരിചയമുള്ള അനൂപ് കുമാർ സാഹ, ഐ.ഐ.ടി ഖരഗ്പൂരിൽ നിന്ന് ബി.ടെക്കും, ഐ.ഐ.എം ലഖ്നൗവിൽ നിന്ന് എം.ബി.എയും കരസ്ഥമാക്കിയിട്ടുണ്ട്. കോടക് മഹീന്ദ്ര ബാങ്കിൽ ചേരുന്നതിന് മുൻപ് ബജാജ് ഫിനാൻസ് ലിമിറ്റഡിന്റെ എം.ഡി & സി.ഇ.ഒ ആയും, ഐ.സി.ഐ.സി.ഐ ബാങ്കിൽ വിവിധ ഉന്നത പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്.



# ഫ്രെയർ എനർജിയുടെ ആദ്യ ബ്രാൻഡ് അംബാസഡറായി രോഹിത് ശർമ

**ന്യൂഡൽഹി:** പിഎം സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജനയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ വലിയ റെസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാർ കമ്പനിയായ ഫ്രെയർ എനർജി, ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമയെ തങ്ങളുടെ ആദ്യ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി 'സോളാർ ഹോ, തോ ഫ്രേയർ ഹോ!' എന്ന ദേശീയ പരസ്യ ക്യാമ്പയിനും കമ്പനി തുടക്കമിട്ടു.

റൂഫ്ടോപ്പ് സോളാർ എന്നത് 30 വർഷത്തെ ദീർഘകാല നിക്ഷേപമാണെന്നും, ദശാബ്ദങ്ങളോളം വിശ്വസിക്കാൻ കഴിയുന്ന ഒരു പങ്കാളിയെയാണ് കുടുംബങ്ങൾ തിരഞ്ഞെടുക്കേണ്ടതെന്നുമുള്ള സന്ദേശമാണ് ഈ ക്യാമ്പയിൻ മുന്നോട്ടുവെക്കുന്നത്. 40ലധികം നഗരങ്ങളിലായി 20,000ത്തിലധികം സോളാർ സിസ്റ്റങ്ങൾ സ്ഥാപിച്ച് വിപണിയിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പിച്ച ഫ്രെയർ എനർജി, കസ്റ്റമർ ആപ്പ്, സെൽഫ്ക്ലീനിംഗ് സോളാർ സിസ്റ്റങ്ങൾ, സോളാർ എക്സ്പീരിയൻസ് സെന്ററുകൾ തുടങ്ങിയ നൂതന സൗകര്യങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.

പിഎം സൂര്യ ഘർ പദ്ധതി വഴി അർഹരായ കുടുംബങ്ങൾക്ക് 78,000 രൂപ വരെ സർക്കാർ സബ്സിഡിയും കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ സൗകര്യങ്ങളും ലഭ്യമാണ്. സോളാറിലേക്ക് മാറാൻ ആഗ്രഹിക്കുന്ന വീടുകൾക്ക് സാമ്പത്തിക ഭാരം കുറയ്ക്കാൻ ഇത് സഹായിക്കും.

പരിസ്ഥിതി സംരക്ഷണം എന്നും തനിക്ക് പ്രിയപ്പെട്ട വിഷയമാണെന്നും, കുടുംബങ്ങളെ ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജ രീതികളിലേക്ക് പ്രോത്സാഹിപ്പിക്കുന്ന ഇത്തരം ഒരു സംരംഭത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും രോഹിത് ശർമ പറഞ്ഞു.

ഇൻസ്റ്റലേഷൻ ദിവസത്തിൽ മാത്രമല്ല, അടുത്ത 30 വർഷത്തെ ജീവിതകാലം മുഴുവൻ ഉപഭോക്താക്കൾക്ക് മികച്ച സേവനം ഉറപ്പുനൽകുകയാണ് കമ്പനിയുടെ ലക്ഷ്യമെന്ന് ഫ്രെയർ എനർജി കോഫൗണ്ടർമാരായ സൗരഭ് മർദയും രാധിക ചൗധരിയും വ്യക്തമാക്കി.

# ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരളത്തിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗനിരക്കിന് തടയിടാനും രോഗനിർണയത്തിലും ചികിത്സയിലും പുതിയ ശാസ്ത്രീയ മുന്നേറ്റങ്ങൾ കൈവരിക്കാനുമുള്ള സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ പരിപൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്ത് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി കൊച്ചിയിൽ സംഘടിപ്പിക്കുന്ന ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവിന്റെ (എക്യൂസികോൺ) 2026 ഓൺലൈൻ ആയി ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.




കേരളത്തെ സംബന്ധിച്ചിടത്തോളം ക്യാൻസർ പ്രതിരോധത്തിനും നൂതന ചികിത്സാ രീതികൾക്കും വലിയ പ്രാധാന്യമുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. 'കൃത്യമായി വ്യായാമം ചെയ്യുന്ന ആരോഗ്യമുള്ള യുവാക്കളിൽ പോലും ഇന്ന് ക്യാൻസർ കണ്ടുവരുന്നുണ്ട്. പലപ്പോഴും പ്രാരംഭ ഘട്ടത്തിൽ രോഗം തിരിച്ചറിയാൻ കഴിയാത്തത് വെല്ലുവിളിയാണ്. ഈ സെമിനാറിലെ ചർച്ചകളും നിർദ്ദേശങ്ങളും ആരോഗ്യ വകുപ്പ് വിശദമായി പരിശോധിക്കുകയും, ആവശ്യമായ തുടർനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുകയും ചെയ്യും.' അദ്ദേഹം കൂട്ടിച്ചേർത്തു. ഉദ്ഘാടന ചടങ്ങിൽ ക്യാൻസർ രോഗികൾക്കും അർബുദത്തെ അതിജീവിച്ചവർക്കും അവരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്കുമായി ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ഒരുക്കുന്ന പ്രത്യേക പിന്തുണാ പദ്ധതിയായ 'സഖി'യുടെ അഞ്ചാമത്തെ പതിപ്പിന്റെ ലോഞ്ച് സിനിമ താരം ദിവ്യ പിള്ളയും എക്യൂസികോൺ ചെയർപേഴ്സൺ ഡോ. ജെം കളത്തിലും ചേർന്ന് നിർവഹിച്ചു. അതിജീവിതർക്കുള്ള വിവിധ പിന്തുണകൾ, ഓൺലൈൻ ക്ലാസുകൾ, സഹായങ്ങൾ എന്നിവ നൽകുന്നതിനൊപ്പം സ്തനാർബുദ നിർണയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സ്വയം പരിശോധനാ രീതികളെക്കുറിച്ചും വിവിധ മേഖലകളിൽ ബോധവൽക്കരണ ക്ലാസുകളും 'സഖി' വഴി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. രമേഷ് കുമാർ 'ഓങ്കോ ഇൻഫ്യൂഷൻ ഡേ കെയർ' ഏരിയയുടെ സോഫ്റ്റ് ലോഞ്ചും ചടങ്ങിന്റെ ഭാഗമായി നിർവ്വഹിച്ചു.ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ഗ്ലോബൽ ഡയറക്ടർ പ്രൊഫ. ഡോ. സോമശേഖർ എസ്.പി., ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇന്ത്യ1) എസ്. രമേഷ് കുമാർ, ആസ്റ്റർ ഡി.എം ക്വാളിറ്റി കെയർ ലിമിറ്റഡ് സെൻട്രൽ കേരള റീജിയണൽ സിഇഒ ഡോ. നളന്ദ ജയദേവ്, ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. ഷുഹൈബ് ഖാദർ, നടി ദിവ്യ പിള്ള, എക്യൂസികോൺ ചെയർപേഴ്സൺമാരായ ഡോ. ജെം കളത്തിൽ, ഡോ. കെ.വി. ഗംഗാധരൻ, ഡോ. സി.എൻ. പാട്ടീൽ, സെക്രട്ടറിമാരായ ഡോ. അരുൺ ആർ. വാരിയർ, ഡോ. ശരത് എസ്. തുടങ്ങിയവരും ചടങ്ങിൽ സംസാരിച്ചു.

# ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവിന് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** ക്യാൻസർ രോഗനിർണയത്തിലും ചികിത്സയിലും വലിയ മുന്നേറ്റമുണ്ടാക്കുന്ന സർക്കുലേറ്റിംഗ് ട്യൂമർ ഡിഎൻഎ (സിടിഡിഎൻഎ) പരിശോധനകൾ സാധാരണക്കാർക്ക് കൂടുതൽ ലഭ്യമാകുന്ന രീതിയിൽ രാജ്യത്തെ പ്രമുഖ ലാബുകളിൽ ചെലവ് കുറഞ്ഞ രീതിയിൽ ആരംഭിച്ചു വരുന്നത് വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് ക്യാൻസർ രോഗവിദഗ്ദ്ധർ. ക്യാൻസർ ആദ്യഘട്ടത്തിൽ തന്നെ കണ്ടെത്താൻ സഹായിക്കുന്ന ഈ നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ വിശദീകരിക്കുന്ന പഠന സെഷനുകൾ കൊച്ചിയിൽ ആരംഭിച്ച ആസ്റ്റർ ക്വാളിറ്റി കെയർ ക്യാൻസർ കോൺക്ലേവിൽ (എക്യൂസികോൺ) 2026 ആദ്യദിനം ശ്രദ്ധേയമായി.




ക്യാൻസറിന് കാരണമാകുന്ന ജീൻ വ്യതിയാനങ്ങൾ കണ്ടെത്തുന്നതിൽ വലിയ വിപ്ലവമാണ് 'സിടി ഡിഎൻഎ' സാങ്കേതികവിദ്യ വരുത്തുന്നത്. സാധാരണ സ്കാനിംഗ് രീതികളിലൂടെ ട്യൂമറുകൾ കണ്ടെത്തുമ്പോഴേക്കും, അർബുദ കോശങ്ങളുടെ വളർച്ച രോഗം പൂർണ്ണമായി ഭേദമാക്കാൻ പ്രയാസമുള്ള ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ടാകും. എന്നാൽ രക്ത പരിശോധനയിലൂടെ സർക്കുലേറ്റിംഗ് ട്യൂമർ ഡിഎൻഎ കണ്ടെത്തുന്നതിലൂടെ, രോഗവളർച്ചയുടെ ആദ്യ ഘട്ടത്തിൽ തന്നെ വേഗത്തിൽ രോഗനിർണയം സാധ്യമാകുന്നു. ഇത്തരം പരിശോധനകൾ ഇന്ത്യൻ ലാബുകളിലും ലഭ്യമായിത്തുടങ്ങിയതോടെ ഇവയുടെ ചെലവ് ഗണ്യമായി കുറഞ്ഞുവരുന്നുണ്ട്. അതിൽ പരിശോധനകളുടെ കൃത്യതയും രോഗനിർണയക്ഷമതയും ഉറപ്പാക്കുന്നതിനുള്ള കൂടുതൽ പഠനങ്ങൾ നടന്നുവരികയാണെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി.

ക്യാൻസർ പരിചരണ രംഗത്ത് പുത്തൻ ആശയങ്ങളും നവീകരണങ്ങളും പങ്കുവെച്ച് രോഗികളുടെ ചികിത്സാഫലം മെച്ചപ്പെടുത്തുന്നതിനായി ക്യാൻസർ രോഗവിദഗ്ദ്ധരെ ഒന്നിച്ച് കൊണ്ടുവരുന്നതാണ് കോൺക്ലേവിന്റെ പ്രധാന ലക്ഷ്യമെന്ന് എക്യൂസികോൺ ഓർഗനൈസിംഗ് സെക്രട്ടറിയും ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. അരുൺ ആർ. വാര്യർ വ്യക്തമാക്കി.

പ്രായമായവരിലെ ക്യാൻസർ നിയന്ത്രിക്കുന്നതിൽ മരുന്നുകൾക്കും ശസ്ത്രക്രിയകൾക്കും പുറമേ, മാനസിക പിന്തുണ, ശരിയായ ജീവിതശൈലി എന്നിവ നൽകേണ്ടതിന്റെ പ്രാധാന്യവും ചർച്ചയായി. കൂടാതെ, വംശപാരമ്പര്യമായി വരുന്ന ക്യാൻസറുകളെക്കുറിച്ചും ജീനോമിക് ഓങ്കോളജിയെക്കുറിച്ചുമുള്ള പ്രത്യേക ചർച്ചകൾ കോൺക്ലേവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാരമ്പര്യമായി ക്യാൻസർ വരുമോയെന്ന ഭയം മൂലം പല കുടുംബങ്ങളും രോഗവിവരങ്ങൾ പുറത്തുപറയാൻ മടിക്കുന്ന പൊതു തെറ്റിദ്ധാരണകളെ തുറന്നുകാട്ടാനും അതിനെ കുറിച്ച് ജനങ്ങളിൽ ധാരണ വളർത്താനും കോൺക്ലേവ് ലക്ഷ്യമിടുന്നു.

ആസ്റ്റർ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന എക്യൂസികോൺ കോൺക്ലേവിൽ രാജ്യത്തുടനീളമുള്ള ക്യാൻസർ രോഗവിദഗ്ദ്ധർ അറുപതിലധികം അക്കാദമിക് സെഷനുകളിൽ പങ്കാളികളാകും. വിദഗ്ധ പാനൽ ചർച്ചകൾ, കേസ് അധിഷ്ഠിത സംവാദങ്ങൾ, ക്ലിനിക്കൽ ഗവേഷണ അവതരണങ്ങൾ തുടങ്ങിയവ വരും ദിവസങ്ങളിലും നടക്കും. ആസ്റ്റർ, കെയർ ഹോസ്പിറ്റൽസ്, കിംസ് ഹെൽത്ത്, എവർകെയർ എന്നിവ ഒറ്റ സംയുക്ത ആരോഗ്യ സംരക്ഷണ സ്ഥാപനമായി കൈകോർക്കുന്ന ഈ പതിപ്പ് ആരോഗ്യ സംരക്ഷണ മേഖലയിൽ പ്രധാന മുന്നേറ്റമായിരിക്കും.



# സൈക്ലിങ് പരിശീലന കോഴ്സിൽചരിത്രനേട്ടവുമായി കെസിയ വർഗീസ്

**കൊച്ചി:** മുൻ അന്താരാഷ്ട്ര സൈക്ലിങ് താരവും കൊച്ചി സ്വദേശിനിയുമായ കെസിയ വർഗീസിന് അപൂർവ നേട്ടം. സ്വിറ്റ്സർലൻഡിലെ ഐഗിളിൽ സ്ഥിതി ചെയ്യുന്ന ഇന്റർനാഷണൽ സൈക്ലിങ് ഫെഡറേഷന്റെ ആസ്ഥാനത്ത് വച്ച് നടന്ന പ്രഥമ വനിതാ എലൈറ്റ് കോച്ചിങ് കോഴ്സ് (ലെവൽ 3) വിജയകരമായി പൂർത്തിയാക്കിയാണ് കെസിയ രാജ്യത്തിന്റെ അഭിമാനമായത്.

അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ പ്രശസ്തമായ 'ഒളിമ്പിക് സോളിഡാരിറ്റി സ്കോളർഷിപ്പ്' വഴിയാണ് കെസിയ ഈ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. ലോകമെമ്പാടുമുള്ള 12 വനിതാ പരിശീലകർക്ക് മാത്രമാണ് ഈ കോഴ്സിലേക്ക് പ്രവേശനം ലഭിച്ചത്. സെപ്റ്റംബർ 30നാണ് മൂന്നാഴ്ച നീണ്ടുനിന്ന പരിശീലനം സമാപിച്ചത്.

കായികജീവിതത്തിൽ 6 അന്താരാഷ്ട്ര മെഡലുകളും 84 ദേശീയ മെഡലുകളും സ്വന്തമാക്കിയിട്ടുള്ള 35കാരിയായ കെസിയ, വിരമിച്ച ശേഷം കഴിഞ്ഞ നാല് വർഷമായി കേരളത്തിന്റെ സംസ്ഥാന പരിശീലകയായി സേവനമനുഷ്ഠിക്കുകയാണ്. ലോകോത്തര പരിശീലന രീതികളും തന്ത്രങ്ങളും ഉപയോഗിച്ച് ഇന്ത്യൻ താരങ്ങളെ അന്താരാഷ്ട്ര വേദികളിൽ വിജയത്തിലെത്തിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് കെസിയ വ്യക്തമാക്കി. തമ്മനം ഗാന്ധിജയന്തി റോഡ് സ്വദേശിനിയായ കെസിയ, അഡ്വക്കറ്റ് ജനറൽ ഓഫീസിലെ അസിസ്റ്റന്റ് കൂടിയാണ്.

# 8.3 ലക്ഷത്തിലധികം പേർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി ഐസിഐസിഐ പ്രുഡൻഷ്യൽ

**കൊച്ചി:** 2027 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ കേരളത്തിലെ ടേം പ്ലാൻ ബിസിനസിൽ 68.96 ശതമാനം വാർഷിക വളർച്ച കൈവരിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. 2026 മാർച്ച് 31ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 8.3 ലക്ഷത്തിലധികം പേർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയ കമ്പനിയുടെ ആകെ പരിരക്ഷാ തുക 63,394 കോടി രൂപയിലെത്തി. കേരളത്തിൽ കൈകാര്യം ചെയ്യുന്ന ആകെ ആസ്തികളുടെ മൂല്യം 12,922 കോടി രൂപയായി ഉയർന്നപ്പോൾ, കഴിഞ്ഞ ഏഴ് വർഷത്തിനിടെ 2,773 കോടി രൂപയുടെ ആനുകൂല്യങ്ങളും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു. കമ്പനിയുടെ പേര് 'ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്' എന്ന് മാറ്റാനുള്ള നിർദേശത്തിന് ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റാ അനലിറ്റിക്സും പ്രയോജനപ്പെടുത്തി സേവനങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ കമ്പനിക്ക് സാധിക്കുന്നുണ്ട്. ഒന്നാം പാദത്തിൽ സേവിംഗ്സ് പോളിസികളിൽ 54 ശതമാനവും അതേ ദിവസം തന്നെ അനുവദിച്ചപ്പോൾ, 97 ശതമാനം സേവനങ്ങളും ഡിജിറ്റൽ സംവിധാനങ്ങളിലൂടെയാണ് ലഭ്യമാക്കിയത്. കൂടാതെ, നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 99.3 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്താനും കമ്പനിക്കായി. നിലവിൽ 31 സ്വന്തം ശാഖകളും 6,271 പാർട്ണർ ബ്രാഞ്ചുകളും 20,000ത്തിലധികം ഉപദേശകരുമടങ്ങുന്ന ശക്തമായ ശൃംഖലയാണ് കമ്പനിക്ക് കേരളത്തിലുള്ളത്. വിപണിയിലെ വർധിച്ചുവരുന്ന ആവശ്യങ്ങൾ മുൻനിർത്തി വിതരണ ശൃംഖല കൂടുതൽ വിപുലീകരിക്കാനും ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്താനുമാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് ഡിസ്ട്രിബ്യൂഷൻ വിഭാഗം മേധാവി മണികണ്ഠൻ രാജമണി വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഹൈലൈറ്റ് ഗ്രൂപ്പിന്റെ സൈബർ ടവറിന്റെ നിർമ്മാണോദ്ഘാടനം കോഴിക്കോട് സൈബർപാർക്കിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിക്കുന്നു. സ്ഥപതി ആർക്കിടെക്ട്സ് പ്രിൻസിപ്പൽ & പാർട്ണർ ടോണി ജോസഫ്, ഫൈസൽ ബാബു, എം. കെ. രാഘവൻ, എ. പി. അനിൽ കുമാർ, പി. കെ. കുഞ്ഞാലിക്കുട്ടി, ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ, എംഎൽഎ കെ. ജയന്ത്, കെ. പ്രവീൺ കുമാർ, ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ്, പി. എം. എ. സമീർ, എം. എ. റസാഖ് മാസ്റ്റർ, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു ഐഎഎസ്

# ഹൈലൈറ്റ് സൈബർ ടവർ ശിലാസ്ഥാപനം നടത്തി

**കോഴിക്കോട്:** കേരളത്തിന്റെ ഐടി വിപ്ലവത്തിന് തിരിതെളിയിച്ചു കൊണ്ട്, കോഴിക്കോട് സൈബർപാർക്കിൽ ഹൈലൈറ്റ് ഗ്രൂപ്പിന്റെ ഐടി ഹബ്ബായ ഹൈലൈറ്റ് സൈബർ ടവറിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിച്ചു. മലബാറിന്റെ സാങ്കേതിക മേഖലയ്ക്ക് പുതിയ മുഖച്ഛായ നൽകുന്ന ഐടി പദ്ധതിയുടെ തുടക്കമാണ് ഈ സൈബർ ടവർ. 2.5 ഏക്കറിൽ 9 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ ഗ്രേഡ് എ വാണിജ്യ സമുച്ചയം, വരും വർഷങ്ങളിൽ 12 ദശലക്ഷം ചതുരശ്ര അടി ഓഫീസ് സ്ഥലം വികസിപ്പിക്കാനുള്ള ഹൈലൈറ്റ് ഗ്രൂപ്പിന്റെ പദ്ധതിയുടെ ഭാഗമാണ്.

നൂതന സാങ്കേതികവിദ്യകൾക്കും പരീക്ഷണങ്ങൾക്കും മുൻഗണന നൽകി കേരളത്തെ പുനർവിഭാവനം ചെയ്യുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ ദിശയിലുള്ള പ്രചോദനാത്മകമായ മുന്നേറ്റമാണ് ഹൈലൈറ്റ് ഗ്രൂപ്പും പി. സുലൈമാനും കാഴ്ചവെക്കുന്നതെന്ന് വിഡി സതീശൻ പറഞ്ഞു. ഹൈലൈറ്റ് നിർമിക്കുന്ന ഐടി സമുച്ചയം ഉൾപ്പെടെ 50 ദശലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പുതിയ വികസന പദ്ധതികൾ 2030ൽ പൂർത്തിയാകുന്നതോടെ കേരളത്തിനുള്ളിൽ രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. തിരുവനന്തപുരത്തോടും കൊച്ചിയോടുമൊപ്പം ഐടിസാങ്കേതിക രംഗത്ത് ഒപ്പത്തിനൊപ്പം നിൽക്കുന്ന പ്രധാന 'ഐടി ഡെസ്റ്റിനേഷൻ' ആയി കോഴിക്കോടിനെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞു. കേരളത്തിന് അനുയോജ്യമായ ഏറ്റവും കുറഞ്ഞ ചെലവിലുള്ളതും പ്രഗത്ഭവുമായ 'ടാലന്റ് പൂൾ' ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ ഹൈലൈറ്റ് സൈബർ ടവർ പോലുള്ള 'എക്സ്ക്ലൂസ്' ഐടി സംരംഭങ്ങൾക്ക് സാധിക്കും. നവീകരണത്തിനും വികസനത്തിനും ഊന്നൽ നൽകുന്ന ഇത്തരം പദ്ധതികൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് പൂർണ്ണ പിന്തുണയുണ്ടാകുമെന്നും, മുഖ്യമന്ത്രി പറഞ്ഞു. നാടിന്റെ വികസനത്തിനായി മുന്നോട്ടുവരുന്ന നിക്ഷേപകരെയും സംരംഭകരെയും ചേർത്തുനിർത്തുന്ന സമീപനമായിരിക്കും സർക്കാരിന്റേത്.

തിരുവനന്തപുരത്ത് ടെക്നോപാർക്കും കൊച്ചിയിൽ ഇൻഫോപാർക്കും യാഥാർത്ഥ്യമായതുപോലെ കേരളത്തിന്റെ അടുത്ത പ്രമുഖ ഐടി ഡെസ്റ്റിനേഷനായി കോഴിക്കോട് മാറും എന്നതിൽ യാതൊരു സംശയവുമില്ല എന്ന് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഹൈലൈറ്റ് ഗ്രൂപ്പിന്റെ വളർച്ചയും പ്രവർത്തനശേഷിയും തുടക്കം മുതലേ തനിക്ക് നേരിട്ടറിയാവുന്നതാണ്. ഇവർക്കിത് വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട്ടേക്ക് വലിയ നിക്ഷേപങ്ങളുമായി വരാൻ പ്രോജക്റ്റുകാരും ഡെവലപ്പർമാരും ക്യൂ നിൽക്കുന്ന കാഴ്ചയാണിപ്പോൾ കാണുന്നത്. വ്യവസായങ്ങൾ വളരുമ്പോൾ മാത്രമേ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുള്ളൂ എന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. പഴയ വ്യാപാര പാരമ്പര്യമുള്ള കോഴിക്കോടിനെ ആഗോളതലത്തിൽ ശ്രദ്ധേയമായ ഐടിവ്യവസായ കേന്ദ്രമാക്കി പുനരുജ്ജീവിപ്പിക്കാൻ സാധ്യമായ എല്ലാ പിന്തുണയും കുഞ്ഞാലിക്കുട്ടി ഉറപ്പുനൽകി.

'മികച്ച അവസരങ്ങളും സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്നതുകൊണ്ടാണ് ആളുകൾ വലിയ നഗരങ്ങളോ രാജ്യങ്ങളോ തിരഞ്ഞെടുക്കുന്നത്. ജനങ്ങൾക്ക് അവരുടെ ജീവിതവും കരിയറും കെട്ടിപ്പടുക്കാനുള്ള അവസരങ്ങൾ നൽകുന്നതും, ഒപ്പം ലോകമെമ്പാടുമുള്ള പ്രതിഭകളെയും ബിസിനസുകളെയും ആകർഷിക്കുന്നതുമായ ഒരു കേരളം പടുത്തുയർത്തുകയാണ് ഞങ്ങളുടെ ലക്ഷ്യം. കേരളം നിലവിൽ ഏതെല്ലാം കാര്യങ്ങളാൽ അറിയപ്പെടുന്നു എന്നതിലുപരി, ലോകത്തിന് ഇനിയും എന്തെല്ലാം നൽകാൻ കഴിയുമെന്നതിലൂടെ കൂടി അടയാളപ്പെടുത്തപ്പെടുന്ന കേരളമാണ് നമ്മുടെ ലക്ഷ്യം.' ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ പറഞ്ഞു.

'സാങ്കേതികവിദ്യ നമ്മൾ ജോലി ചെയ്യുന്ന രീതിയെയും ബിസിനസ് കെട്ടിപ്പടുക്കുന്നതിനെയും അവസരങ്ങൾ സൃഷ്ടിക്കുന്നതിനെയും മാറ്റിമറിക്കുകയാണ്. ആഗോളതലത്തിൽ മത്സരിക്കാനുള്ള കഴിവ് കേരളത്തിനുണ്ട്. അതിനൊപ്പം ബിസിനസുകൾക്ക് വളരാനുള്ള അന്തരീക്ഷം കൂടി നാം ഒരുക്കേണ്ടതുണ്ട്. ഹൈലൈറ്റ് സൈബർ ടവർ ആ ശ്രമത്തിന്റെ ഭാഗമാണ്. ഞങ്ങളുടെ ഐടി വികസനങ്ങളിലൂടെ ബിസിനസുകൾക്ക് വളരാനും വികസിക്കാനും കേരളത്തിന്റെ ഭാവി കെട്ടിപ്പടുക്കാനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ലക്ഷ്യം.' ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് പറഞ്ഞു.

കർശനമായ ഹരിത മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ഗ്രേഡ് എ കെട്ടിടം രൂപകൽപ്പന ചെയ്തിരിക്കുന്നത്. നൂതനവും സുസ്ഥിരവും ഊർജ്ജക്ഷമതയുമുള്ള അടിസ്ഥാനസൗകര്യങ്ങൾക്ക് മുൻഗണന നൽകി നിർമ്മിക്കുന്ന ഹൈലൈറ്റ് സൈബർ ടവർ, ആഗോള സഹകരണം, നവ ആശയങ്ങൾ, ഡിജിറ്റൽ പരിവർത്തനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന മാറ്റങ്ങൾക്ക് അനുയോജ്യമായ തൊഴിലിടങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്. കേരളത്തിലുടനീളം ഹൈലൈറ്റ് ഗ്രൂപ്പ് വ്യാപിപ്പിച്ചു വരുന്ന ഐടി സാന്നിധ്യത്തിന്റെ തുടർച്ചയാണിത്. ഹൈലൈറ്റ് സൈബർ ഹബ്ബിന്റെ നിർമ്മാണം കോഴിക്കോട്ട് പുരോഗമിക്കുമ്പോൾ, തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് കകക ലെ ആദ്യത്തെ ബ്രാൻഡഡ് ഐടി പാർക്കായ 'യൂ ഹബ്ബ് ട്രിവാൻഡ്രത്തിന്റെ' തറക്കല്ലിടലും അടുത്തിടെ നടന്നിരുന്നു.

ചടങ്ങിൽ മന്ത്രിമാരായ പി. കെ. കുഞ്ഞാലിക്കുട്ടി, എ. പി. അനിൽ കുമാർ, എംപി എം. കെ. രാഘവൻ, എംഎൽഎമാരായ ഫൈസൽ ബാബു, എം. എ. റസാഖ് മാസ്റ്റർ, എംഎൽഎയും ഡിസിസി പ്രസിഡന്റുമായ കെ. പ്രവീൺ കുമാർ, എംഎൽഎമാരായ കെ. ജയന്ത്, പി. എം. എ. സമീർ, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു ഐഎഎസ്, ഇൻഫോപാർകിന്റെയും സൈബർപാർക്ക് കോഴിക്കോടിന്റെയും സിഇഒ സുശാന്ത് കുറുന്തിൽ, ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ, ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ്, സ്ഥപതി ആർക്കിടെക്ട്സ് പ്രിൻസിപ്പൽ & പാർട്ണർ ടോണി ജോസഫ് തുടങ്ങിയ രാഷ്ട്രീയ, സാമൂഹിക പ്രമുഖരും ഹൈലൈറ്റ് ഗ്രൂപ്പിന്റെ മറ്റ് പ്രതിനിധികളും ജീവനക്കാരും പങ്കെടുത്തു.




## ന്യൂ ഹോണ്ട എലിവേറ്റിന്റെ പ്രീലോഞ്ച് ബുക്കിങ് ആരംഭിച്ചു

**കൊച്ചി:** ഹോണ്ട കാർസ് ഇന്ത്യയുടെ പുതിയ ഹോണ്ട എലിവേറ്റിന്റെ പ്രീലോഞ്ച് ബുക്കിങ് ആരംഭിച്ചു. രാജ്യത്തെ എല്ലാ അംഗീകൃത ഹോണ്ട ഡീലർഷിപ്പുകളിലും 21,000 രൂപ ബുക്കിങ് തുകയ്ക്ക് വാഹനം ബുക്ക് ചെയ്യാം. ഒക്ടോബർ ആറിനാണ് പുതിയ എലിവേറ്റ് ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. ഇന്ത്യയാണ് പുതിയ എലിവേറ്റിന്റെ ആദ്യ ലോഞ്ച് വിപണി. കൂടുതൽ ഫീച്ചറുകളും മെച്ചപ്പെടുത്തലുകളും ഉൾപ്പെടുത്തി കൂടുതൽ ബോൾഡായ ഡിസൈനും പ്രീമിയം ക്യാബിൻ അനുഭവവുമാണ് പുതിയ മോഡലിൽ ഒരുക്കിയിരിക്കുന്നത്. ബോൾഡ് ഡിസൈൻ, മികച്ച റോഡ് സാന്നിധ്യം, ഡ്രൈവിങ് അനുഭവം, സുരക്ഷ, വിശാലമായ ഇന്റീരിയർ, സുഖസൗകര്യങ്ങൾ എന്നിവയാണ് എലിവേറ്റിന്റെ പ്രധാന സവിശേഷതകൾ. ഉത്സവകാലത്തിന് മുന്നോടിയായാണ് പ്രീലോഞ്ച് ബുക്കിങ് ആരംഭിച്ചത്.

## ഹൈബ് ഇന്ത്യയുടെ ഫൈനൽ കോൾ ഓഡിഷൻ കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിലെ പുതുതലമുറയിലെ കലാപ്രതിഭകളെ കണ്ടെത്തുന്നതിനായി ഹൈബ് ഇന്ത്യ നടത്തുന്ന 'ഫൈനൽ കോൾ' ഓഡിഷൻ ഒക്ടോബർ 15ന് കൊച്ചിയിൽ നടക്കും. രാജ്യവ്യാപകമായി നടക്കുന്ന പ്രതിഭാ തിരച്ചിലിന്റെ ഭാഗമായാണ് കൊച്ചിയിലും ഓഡിഷൻ സംഘടിപ്പിക്കുന്നത്.

2005നും 2011നും ഇടയിൽ ജനിച്ച പെൺകുട്ടികൾക്ക് അപേക്ഷിക്കാം. ഗായനം, റാപ്, നൃത്തം, അഭിനയം, മോഡലിങ് തുടങ്ങിയ മേഖലകളിലാണ് അവസരം. കൊച്ചി ഓഡിഷനിലേക്കുള്ള പ്രീരജിസ്ട്രേഷൻ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 3 വരെ ഔദ്യോഗിക ഓഡിഷൻ വെബ്സൈറ്റ് വഴി നടത്താം.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒക്ടോബർ 8ന് ഓഡിഷൻ സമയവും വേദിയും അറിയിക്കും. ഒക്ടോബർ 31 വരെ ഓൺലൈൻ അപേക്ഷകളും സ്വീകരിക്കും. കൊച്ചിക്ക് പുറമെ ലഖ്നൗ, ദിമാപൂർ, ഷില്ലോങ്, ജയ്പൂർ, ഇൻഡോർ, ഗോവ, കൊഹിമ എന്നിവിടങ്ങളിലും ഓഡിഷൻ നടക്കും.



## ഇലക്ട്രിക് മോട്ടോർസൈക്കിൾ വിൽപ്പനയിൽ ഒബെൻ ഇലക്ട്രിക് ഒന്നാമത്

**കൊച്ചി:** രാജ്യത്തെ ഇലക്ട്രിക് മോട്ടോർസൈക്കിൾ വിൽപ്പനയിൽ ഒബെൻ ഇലക്ട്രിക് ഒന്നാമതെത്തി. വാഹൻ കണക്കുകൾ പ്രകാരം 2026 സെപ്റ്റംബറിൽ 1,417 ഇലക്ട്രിക് മോട്ടോർസൈക്കിളുകളാണ് കമ്പനി രജിസ്റ്റർ ചെയ്തത്. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ വിൽപ്പനയാണിത്. റോർ ഇവോ മോഡലിന് ലഭിച്ച മികച്ച വിപണി പ്രതികരണമാണ് ഈ നേട്ടത്തിന് പിന്നിൽ. മികച്ച പ്രകടനം, ഡിസൈൻ, സാങ്കേതികവിദ്യ, ദൈനംദിന ഉപയോഗക്ഷമത എന്നിവയാണ് റോർ ഇവോയുടെ പ്രധാന സവിശേഷതകൾ. ഉപഭോക്താക്കൾ അർപ്പിക്കുന്ന വിശ്വാസത്തിന്റെ തെളിവാണ് ഈ നേട്ടമെന്ന് ഒബെൻ ഇലക്ട്രിക് സ്ഥാപകയും സിഇഒയുമായ മധുമിത അഗർവാൾ പറഞ്ഞു. ബെംഗളൂരുവിലെ നിർമാണശാലയിൽ നിന്ന് പതിനായിരാമത്തെ ഇലക്ട്രിക് മോട്ടോർസൈക്കിളും കമ്പനി അടുത്തിടെ പുറത്തിറക്കി.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com